പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാചോദ്യം നമ്പർ-*63 05.02.2020 ൽ മറുപടിയ്ക്ക്

## വനാതിർത്തിയിലുള്ള ഭൂമിയുടെ ക്രയവിക്രയ നിയന്ത്രണം

| ചോദ്യം<br>ശ്രീ.മുഹമ്മദ് മുഹസിൻ പി.<br>ശ്രീ. സി. ദിവാകരൻ<br>ശ്രീമതി ഇ.എസ്.ബിജിമോൾ<br>ശ്രീ.എൽദോ എബ്രഹാം | | മറുപടി<br>അഡ്വ.കെ.രാജു<br>(ബഹു. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | വനഭൂമിയുമായി ചേർന്ന് കിടക്കുന്ന സ്വകാര്യഭൂമി കൈമാറുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ, എങ്കിൽ ഏതൊക്കെ തരത്തിലുള്ള നിയന്ത്രണങ്ങളാണ് ഏർപ്പെടുത്തിയതെന്ന് അറിയിക്കുമോ; | (എ) | വനഭൂമിയുമായി ചേർന്നു കിടക്കുന്ന സ്വകാര്യഭൂമി കൈമാറുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. വനഭൂമിയോട് ചേർന്നു കിടക്കുന്ന സ്വകാര്യഭൂമി കൈമാറുന്നതിന് വനം വകുപ്പിന്റെ എൻ.ഒ.സി. ലഭ്യമാക്കണമെന്ന നിബന്ധന നിലവിലുണ്ട്. സ്വകാര്യഭൂമി കൈമാറുന്നതിനോടൊപ്പം വനഭൂമി കൂടി ഉൾപ്പെട്ട് വരാതിരിക്കുവാനാണ് ഇപ്രകാരം വനം വകുപ്പിന്റെ എൻ.ഒ.സി. നിർബന്ധമാക്കിയിട്ടുള്ളത്. |
| (ബി) | ഇത്തരം സ്വകാര്യഭൂമി കൈമാറ്റത്തിനായുള്ള ഭൂമി രജിസ്ട്രേഷന് വനം വകുപ്പിൽ നിന്നും എൻ.ഒ.സി. വേണമെന്ന നിബന്ധന ഉണ്ടോ; എൻ.ഒ.സി. നല്കുന്നതുമായി ബന്ധപ്പെട്ട ചട്ടങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ; | (ബി) | ഉണ്ട്. വനഭൂമിയോട് ചേർന്നു കിടക്കുന്ന സ്വകാര്യ സ്ഥലങ്ങൾക്ക് വനം വകുപ്പിൽ നിന്നും എൻ.ഒ.സി നൽകിയതിനു ശേഷം മാത്രമെ വില്ലേജ് ഓഫീസർമാർ കൈവശസർട്ടിഫിക്കറ്റ് നൽകാവൂ എന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകണമെന്ന് വനം വന്യജീവി വകുപ്പ് റവന്യൂ വകുപ്പിനെ അറിയിച്ചിട്ടുള്ളതായി വനം വന്യജീവി വകുപ്പിലെ 08.06.10 ലെ 6143/എ2/2009/വനം കത്ത് പ്രകാരം വ്യക്തമാകുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 27.07.2010 തീയതി ആയുള്ള വി.ഇ.4 2970/2009 സർക്കുലർ നമ്പർ 10/2010 പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ പുറപ്പെടുവിച്ചിട്ടുണ്ട്. ടി സർക്കുലറിൽ എൻ.ഒ.സി. നൽകുന്നതുമായി ബന്ധപ്പെട്ട് ചെറുകിട കർഷകർക്ക് ബുദ്ധിമുട്ടും കാലതാമസവും |

| | | |
|---|---|---|
| | | ഉണ്ടാകാതിരിക്കാൻ വനം വകുപ്പ് ഉദ്യോഗസ്ഥർ പ്രത്യേകം ശ്രദ്ധിക്കണമെന്നും, ഇതിനാവശ്യമായ മുൻകരുതലുകൾ ഡി.എഫ്.ഒ. മാർ എടുക്കേണ്ടതാണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ സർക്കിളുകളുടെ ചാർജ്ജ് വഹിക്കുന്ന കൺസർവേറ്റർ/ ചീഫ് കൺസർവേറ്റർ ഇതു സംബന്ധിച്ചുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടാൽ അവയ്ക്ക് അതീവ പ്രാധാന്യം നൽകേണ്ടതും, കർഷകരുടെ പരാതികൾ ശ്രദ്ധയിൽപ്പെട്ടാൽ അവയ്ക്ക് അതീവ പ്രാധാന്യം നൽകി പരാതി പരിഹാരത്തിനുവേണ്ട അടിയന്തര നടപടി കൈക്കൊള്ളുവാനും മേൽ പരാമർശിച്ച സർക്കുലറിൽ നിഷ്കർഷിച്ചിട്ടുണ്ട്<br><br>എന്നാൽ, വിജിലൻസ് & ആൻറി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 04.02.2017 ലെ ക്വിക് വെരിഫിക്കേഷൻ റിപ്പോർട്ടിനെ തുടർന്ന് 17.02.2017 തീയതിയിൽ കത്ത് നം.1667/ഇ4/2017/വി.ഐ.ജി പ്രകാരം അഡീഷണൽ ചീഫ് സെക്രട്ടറി വനം വന്യജീവി വകുപ്പിന് നൽകിയിട്ടുള്ള കത്തിന്റെ വെളിച്ചത്തിൽ നിരാക്ഷേപപത്രം (എൻ.ഒ.സി) അനുവദിക്കുന്നതിന് നിർബന്ധമായും പാലിച്ചിരിക്കേണ്ട നിർദ്ദേശങ്ങൾ 24.03.2017 തീയതിയിലെ സർക്കാർ കത്ത് നമ്പർ എഫ്.ഡബ്ളിയു.എൽഡി/എ1/17/2017/വനം പ്രകാരം അനുശാസിക്കുകയുണ്ടായി. ആയതിന്റെ വെളിച്ചത്തിൽ, പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ് 21.10.2017 ൽ 9/2017 നമ്പർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ സർക്കുലർ പ്രകാരം എൻ.ഒ.സി. അനുവദിക്കുമ്പോൾ ആവശ്യമായ രജിസ്റ്ററുകൾ ഓരോ ഫോറസ്റ്റ് സ്റ്റേഷനിലും സൂക്ഷിക്കേണ്ടതാണെന്നും, നിരാക്ഷേപപത്രം സംബന്ധിച്ച് മുൻഗണന പട്ടിക തയ്യാറാക്കേണ്ടതാണെന്നും, മുൻഗണനക്രമം കൃത്യമായി പാലിക്കേണ്ട താണെന്നും, വനാതിർത്തി നിർണ്ണയിക്കാത്ത പക്ഷം അത് നിർണ്ണയിച്ച്, സർവ്വേ നടപടികൾ എത്രയും വേഗം പൂർത്തികരിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | സ്വകാര്യഭൂമിയുമായി വനാതിർത്തി പങ്കിടുന്ന വനമേഖലകളിൽ എൻ.ഒ.സി. നല്കുന്നതുമായി ബന്ധ പ്പെട്ട് എന്തൊക്കെ ബുദ്ധിമുട്ടുകളാണ് വനം വകുപ്പ് നേരിടുന്നതെന്ന് വ്യക്തമാക്കുമോ; | (സി) | വനാതിർത്തികളുടെ സർവ്വേയും അതിർത്തി പുനർനിർണ്ണയവും പൂർത്തിയാക്കി സ്ഥിരം ജണ്ടകൾ അല്ലെങ്കിൽ സർവ്വേ കല്ലുകൾ സ്ഥാപിച്ച് കഴിഞ്ഞിട്ടുള്ളിടത്ത് എൻ.ഒ.സി. നൽകുന്നതിൽ ബുദ്ധിമുട്ടുകൾ ഇല്ലാത്തതാണ്. എന്നാൽ, ചില പ്രദേശങ്ങളിൽ വനാതിർത്തികളുടെ സർവ്വേയും അതിർത്തി പുനർനിർണ്ണയവും ജണ്ടകളുടെ നിർമ്മാണവും പരിസരവാസികൾ തടസ്സപ്പെടുത്തുന്നുണ്ട്. പല വനമേഖലകളിലും കയ്യേറ്റങ്ങളും ആൾതാമസങ്ങളും നിലവിലുണ്ട്. ഇപ്രകാരമുള്ള കയ്യേറ്റസ്ഥലത്ത് എൻ.ഒ.സി. നൽകാൻ നിർവ്വാഹമില്ലാത്തതാണ്. 01.01.1977 ന് മുമ്പുള്ള റിസർവ്വ് വനത്തിലെ കയ്യേറ്റങ്ങൾ 1980 ലെ കേന്ദ്ര വന(സംരക്ഷണ) നിയമ പ്രകാരമുള്ള കേന്ദ്രസർക്കാരിന്റെ അനുമതിക്ക് വിധേയമായി മാത്രമെ ക്രമപ്പെടുത്തുവാൻ സാധിക്കുകയുള്ളൂ. ഇപ്രകാരമുള്ള സ്ഥലങ്ങളിൽ എൻ.ഒ.സി. നൽകുവാൻ കേന്ദ്രസർക്കാരിന്റെ ടി അനുമതിക്ക് ശേഷം മാത്രമെ കഴിയുകയുള്ളൂ. ചില നിക്ഷിപ്ത വനങ്ങളിലും ഇ.എഫ്.എൽ ആയി വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള സ്ഥലങ്ങളിലും, ട്രിബ്യൂണലുകളിലും ഹൈക്കോടതിയിലും സുപ്രീം കോടതിയിലും കേസുകൾ നടന്നു വരുന്നുണ്ട്. പല കേസുകളിലും തൽസ്ഥിതി തുടരണമെന്നുള്ള കോടതികളുടെ നിർദ്ദേശവും നിലവിലുണ്ട്. ഇപ്രകാരമുള്ള<br><br>സ്ഥലങ്ങളിൽ സർവ്വേയും അതിർത്തി പുനർനിർണ്ണയവും ജണ്ടകളുടെ നിർമ്മാണവും കേസുകളുടെ അന്തിമ വിധിയ്ക്കനുസരിച്ച് മാത്രമെ സാധിക്കുകയുള്ളൂ. മാത്രമല്ല, നിക്ഷിപ്ത വനഭൂമികളിലും കയ്യേറ്റങ്ങൾ കാണപ്പെടുന്നുണ്ട്. നിക്ഷിപ്ത വനഭൂമികളിലെ കയ്യേറ്റങ്ങളും ഒഴിപ്പിക്കേണ്ടതായിട്ടുണ്ട്. ടി കയ്യേറ്റ മേഖലകളിൽ എൻ.ഒ.സി. നൽകുവാൻ കഴിയുന്നതല്ല. |

| | | | |
|---|---|---|---|
| (ഡി) | ഭൂമി രജിസ്ട്രേഷന് വനംവകുപ്പിന്റെ എൻ.ഒ.സി. വേണമെന്നതിനാൽ വിവിധ ജില്ലകളിലെ പതിനായിരക്കണക്കിന് കർഷകരുടെ ഭൂമി ക്രയവിക്രയം അസാധ്യമാകുന്ന സ്ഥിതി പരിഹരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ? | (ഡി) | വനാതിർത്തി സർവ്വേ ജോലികൾ ത്വരിതപ്പെടുത്തുന്നതിനായി 2016-17 മുതൽ 240 ബീറ്റ് ഫോറസ്റ്റ് ഓഫീസർമാർ/ സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാർക്ക് ആധുനിക സർവ്വേയിൽ പരിശീലനം നൽകിയിട്ടുണ്ട്.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2016-17 മുതൽ ജണ്ട നിർമ്മാണത്തിൽ കാര്യമായ പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. ടി കാലയളവിൽ 47,500 സ്ഥിരം ജണ്ടകൾ ഉദ്ദേശം 2200 കി.മീ. വനാതിർത്തികളിൽ സ്ഥാപിച്ചിട്ടുണ്ട്.<br><br>സർവ്വേ റിക്കോഡുകളുടെ അപര്യാപ്തത മൂലം എൻ.ഒ.സി. നൽകുന്നതിൽ ബുദ്ധിമുട്ടുണ്ടാകാറുണ്ട്. ആയതിന് പരിഹാരമായി നൂതന രീതിയിലുള്ള (റിക്കോഡ് റൂം) കോഴിക്കോട് മാത്തോട്ടം ഫോറസ്റ്റ് കോംപ്ലക്സിൽ 2018 സെപ്തംബർ മുതൽ സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

൪